# കേരള പബ്ലിക് സർവീസ് കമ്മീഷൻ

## പത്രക്കുറിപ്പ്

വനം വകുപ്പിൽ ഫോറസ്റ്റ് ഡ്രൈവർ(കാറ്റഗറി നമ്പർ. 120/17) (എല്ലാ ജില്ലകളും), എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (കാറ്റഗറി നമ്പർ. 62/18)(NCA-OBC-കൊല്ലം), (കാറ്റഗറി നമ്പർ. 63/18)(NCA-V-കൊല്ലം), (കാറ്റഗറി നമ്പർ. 64/18)(NCA-SIUC Nadar-പത്തനംതിട്ട) തസ്തികകളുടെ നിർദ്ദിഷ്ട ഷെഡ്യൂൾ പ്രകാരം നടത്തിയ കായികക്ഷമതാ പരീക്ഷയിൽ, കോവിഡ്-19 പോസിറ്റീവായതിനാൽ പങ്കെടുക്കാൻ കഴിയാതിരുന്ന ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും 2020 ഡിസംബർ 31 തീയതിയിൽ രാവിലെ 6.00 മണിക്ക് തിരുവനന്തപുരം SAP Parade Ground ൽ വച്ചു നടത്തുന്നു. ഉദ്യോഗാർത്ഥികൾക്കായുള്ള അഡ്മിഷൻ ടിക്കറ്റ് അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കുകയും രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിൽ മെസ്സേജ് നൽകുകയും ചെയ്തിട്ടുണ്ട്. അഡ്മിഷൻ ടിക്കറ്റും, ഒരു അംഗീകൃത തിരിച്ചറിയൽ കാർഡിന്റെ അസ്സൽ, 24 മണിക്കൂറിനകം എടുത്ത കോവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഉദ്യോഗാർത്ഥികൾ നിശ്ചിത തീയതിയിൽ നിശ്ചിത സ്ഥലത്ത് കായികക്ഷമതാ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്. നിശ്ചിത തീയതിയിലും സമയത്തും കായികക്ഷമതാ പരീക്ഷയ്ക്ക് ഹാജരാകാത്ത ഉദ്യോഗാർത്ഥികൾക്ക് ഒരു സാഹചര്യത്തിലും വീണ്ടും അവസരം നൽകുന്നതല്ല.